കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂൺ 30, തിങ്കൾ

വാല്യം : 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2003 ജൂൺ മാസം 30-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ - 298

ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

1 (*298) ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എത്ര രൂപയുടെ ലോകബാങ്ക് സഹായം പ്രതീക്ഷിക്കുന്നുണ്ട് ; ഇതിനകം ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ,

(എ) സർക്കാർ ആശുപത്രികളിൽനിന്നും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഈ വർഷം 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിൽ ഹൃദ്രോഗം, നെഫ്രോളജി, ശസ്ത്രക്രിയാനന്തര വിഭാഗം എന്നീ സ്പെഷ്യാലിറ്റികൾ ഏർപ്പെടുത്തുക, പ്രാഥമികാരോഗ്യ കേന്ദ്രം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹികാരോഗ്യ കേന്ദ്രം, മറ്റ് താലൂക്ക്-ജില്ല-ജനറൽ ആശുപത്രികളുടെയും ക്രമീകരണവും പരിഷ്ക്കരണവും എന്നീ കാര്യങ്ങൾക്കായി ഈ തുക വിനിയോഗിക്കുവാനാണ്-ഉദ്ദേശിക്കുന്നത്. ജില്ലാ ആശുപത്രികളിലും മറ്റ് മേജർ ആശുപത്രികളിലും വന്ധ്യതാനിവാരണ ക്ലിനിക്കുകൾ, ട്രോമാകെയർ യൂണിറ്റുകൾ എന്നിവ തുടങ്ങുക, മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം, സ്പെഷ്യാലിറ്റി കേഡറും സ്പെഷ്യാലിറ്റി വകുപ്പുകളുടെയും വികസനം, അഡ്മിനിസ്ട്രേറ്റീവ്-കം-പബ്ലിക് ഹെൽത്ത് കേഡർ തുടങ്ങുക എന്നിവയ്ക്കും 14 ദന്തൽ ക്ലിനിക്കുകൾ നവീകരിക്കുന്നതിനും പുതിയ ദന്തൽ ക്ലിനിക്കുകൾ തുടങ്ങുന്നതിനും ഡിപ്പ് എൻ.ബി. കോഴ്സുകൾ തുടങ്ങുന്നതിനും സോഷ്യൽ ആഡിറ്റിംഗ്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവന നിലവാരം മെച്ചപ്പെടുത്തൽ, പൗരാവകാശരേഖ സമ്പ്രദായം ഏർപ്പെടുത്തൽ എന്നിവയ്ക്കും ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ ഗ്രാമീണ് കേന്ദ്രങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. തിരഞ്ഞെടുത്ത 25 സ്ഥാപനങ്ങളിൽ ആർ.റ്റി.ഐ./എസ്.റ്റി.ഐ. ക്ലിനിക്കുകൾ നവീകരിക്കുവാൻ സംഖ്യ വകയിരുത്തിയിട്ടുണ്ട്. യൂറോപ്യൻ കമ്മീഷന്റെ പദ്ധതിപ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നവീകരണവും സൂപ്പർവൈസറി സ്റ്റാഫിന് മാനേജ്മെന്റ് പരിശീലനവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജാശുപത്രികളിലെ ട്രോമാകെയർ സെന്ററുകൾ നവീകരിച്ചുകൊണ്ട് അത്യാഹിത വിഭാഗത്തിൽ എല്ലാവിധ ചികിത്സയും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ആശുപത്രികളിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിയും ആവിഷ്ക്കരിക്കുന്നുണ്ട്. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗനിർണ്ണയ വിഭാഗങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രോഗ നിർണ്ണയത്തിനും ശുശ്രൂഷകൾക്കും ആവശ്യമായ യന്ത്രോപകരണങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കുന്നതിനുമുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐ.സി. യൂണിറ്റ് നവീകരിക്കുന്നതിനും ഓപ്പറേഷൻ തിയേറ്റർ ശീതീകരിക്കുന്നതിനും ടെലിമെഡിസിൻ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ 1.42 കോടി രൂപ മുടക്കി അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. യു.എൻ.എഫ്.പി.എ. ഫണ്ട് ഉപയോഗിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ ഒരു സ്പെഷ്യാലിറ്റി ബ്ലോക്ക് തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികളുടെയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെയും വികസനത്തിനായി 810.40 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ടും, മെഡിക്കൽ കോളേജുകളുടേയും അനുബന്ധ ആശുപത്രികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 128 കോടി രൂപയുടെ മറ്റൊരു പദ്ധതിയും ലോകബാങ്ക് സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ : സർ, നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളുടെ നില വളരെ ശോചനീയമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ. ഈ തുക ഉപയോഗിച്ച് സമയബന്ധിതമായി ആശുപത്രികളുടെ നവീകരണം പൂർത്തിയാക്കാൻ കഴിയുമോ ; അത് എന്നത്തേയ്ക്ക് സാധിക്കുമെന്നുള്ള കാര്യം വ്യക്തമാക്കാമോ ?

ശ്രീ. പി. ശങ്കരൻ : സർ, ആശുപത്രികളുടെ നവീകരണം ഉദ്ദേശിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ബഡ്ജറ്റിൽ ഒതുങ്ങിനിന്നുകൊണ്ട് ഇത്തരം നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയില്ലായെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്കിന്റെ സഹായം തേടാൻ ഉദ്ദേശിച്ചത്. ലോക ബാങ്കിന്റെ മുമ്പാകെ പദ്ധതി സമർപ്പിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് പദ്ധതിക്ക് അംഗീകാരം നൽകി. ഏറ്റവുമൊടുവിൽ ലോകബാങ്കുമായിട്ട് ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. സാധാരണഗതിയിൽ ലോകബാങ്കിന്റെ പദ്ധതികൾക്ക് ചുരുങ്ങിയത് അഞ്ചു വർഷമെങ്കിലും എടുക്കും. പക്ഷേ, ഈ പദ്ധതി ഒന്നരക്കൊല്ലം കൊണ്ട് ലോകബാങ്കിനു മുമ്പിൽ കൊണ്ടെത്തിക്കാൻ സാധിച്ചു. ഇനി കൂടി വന്നാൽ ഒരു വർഷത്തിനുള്ളിൽ പദ്ധതിക്ക് അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകബാങ്ക് അനുകൂലമായ മറുപടിയാണ് നൽകിയിട്ടുള്ളത്. ആശുപത്രികളുടെ നവീകരണം ലോകബാങ്കിന്റെ സഹായംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കുമെന്ന് ഉറച്ചു വിശ്വസിക്കുകയാണ്.

ശ്രീ. പി. നാരായണൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ വൈക്കം ഗവൺമെന്റ് റഫറൽ ആശുപത്രിയുടെ ഒ.പി. ബ്ലോക്കും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും തകർന്ന് തരിപ്പണമായി കിടക്കുകയാണ്. അവിടന്നുള്ള എല്ലാ പ്രവർത്തനങ്ങളും മറ്റൊരു ബിൽഡിംഗിലേയ്ക്ക് മാറ്റുമെന്ന് കരുതുന്നു.

മി. സ്പീക്കർ : സർ,ഓരോ ആശുപത്രികളുടേയും കാര്യം ചോദിച്ചാൽ മന്ത്രിക്ക് മറുപടി പറയാൻ കഴിയുമോ ?

ശ്രീ. പി. നാരായണൻ : സർ, തീർച്ചയായും പറയാം. അദ്ദേഹത്തിന്റെ അടുക്കൽ നിരവധി നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. വൈക്കം മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ പ്രതിനിധികൾ വന്ന് അദ്ദേഹത്തെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഇന്ന് അതിന്റെ നില വളരെ ശോചനീയമാണ്. അതിന്റെ പുതിയ കെട്ടിടത്തിന്റെ പണി ഈ വർഷം തുടങ്ങുമോ ; എത്ര വർഷംകൊണ്ട് അതിന്റെ പണി പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ശങ്കരൻ : സർ, വൈക്കം സർക്കാർ ആശുപത്രിക്ക് വീണ്ടും കെട്ടിടം നിർമ്മിക്കുക, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, എന്ന പദ്ധതിക്ക് വളരെയധികം പണം ചെലവു വരുന്നതുകൊണ്ട് ഇത് ലോകബാങ്കിന്റെ പദ്ധതിയിൽപെടുത്തി നവീകരിക്കാൻ ശ്രമം നടത്തും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള വികസന പ്രവർത്തനങ്ങൾക്കായി ലോകബാങ്കിന്റേയും നബാർഡിന്റേയും സഹായത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതം കൂട്ടിയതിനെക്കുറിച്ച്

സൂചിപ്പിച്ചു. എന്റെ ചോദ്യം, ഇപ്പോൾ ഗ്ലോബൽ മീറ്റിൽ ആരോഗ്യ വകുപ്പിന്റേതായി വച്ച പദ്ധതികൾക്ക് ഇത്രയും പണം ചെലവഴിച്ചതിനുശേഷം, മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പുതിയ പദ്ധതികൾ വന്നാൽ ധർമ്മാശുപത്രി എന്നുള്ള നിലയ്ക്ക് സാധാരണ ജനങ്ങൾക്ക് കിട്ടേണ്ട സഹായവും ചികിത്സയും നഷ്ടപ്പെടാൻ ഇടവരുകയില്ലേ; അത് അധികബാദ്ധ്യത ഉണ്ടാക്കുന്നതല്ലേ; അതിനെ സംബന്ധിച്ച് വിശദമാക്കാമോ ?

• ശ്രീ. പി. ശങ്കരൻ : സർ, ലോകബാങ്ക്, നബാർഡ് അതുപോലുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ ധനസഹായം ലഭിച്ച് ആരംഭിക്കുന്ന, നവീകരിക്കുന്ന ആശുപത്രികളിൽ ഒരു കാരണവശാലും സ്വകാര്യ പങ്കാളിത്തം അനുവദിക്കുകയില്ലെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം കഴിഞ്ഞ നിയമസഭാ ചോദ്യോത്തരവേളയിൽ ഞാൻ വ്യക്തമാക്കിയതാണ്. നിർഭാഗ്യവശാൽ മെഡിക്കൽ കോളേജ് ആശുപത്രികൾ ലേലത്തിന് നൽകുന്നുവെന്ന് ചില പത്രങ്ങളിൽ വാർത്ത വന്നു. എന്നെ വളരെയധികം വേദനിപ്പിച്ച സംഭവമാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. നിയമസഭാ രേഖകൾ പരിശോധിച്ചാൽ അറിയാവുന്ന കാര്യമാണ്. ഇതാണ് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയത്. എന്നെ സംബന്ധിച്ചിടത്തോളം ഇക്കാര്യം എനിക്ക് വ്യക്തിപരമായി വളരെയധികം ദോഷം ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരാനും ആഗ്രഹിക്കുന്നു. നിയമസഭാ രേഖകളിൽ ഇല്ലാത്ത കാര്യങ്ങൾ, നിയമസഭയിൽ പറയാത്ത കാര്യങ്ങൾ പ്രത്യേകിച്ചും കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ വായിക്കുന്ന പത്രങ്ങളിൽ പ്രധാന ഹെഡ്ഡിംഗായി വരികയും, ഇറാഖും അമേരിക്കയും തമ്മിലുള്ള യുദ്ധം പോലെ പ്രാധാന്യം നൽകി വാർത്തകൾ പ്രസിദ്ധീകരിക്കുകയും ജനങ്ങളെ അറിയിക്കുകയും അത് പുതിയ മാധ്യമങ്ങളിൽക്കൂടി കൗതുകകരമായ വാർത്തകളിൽ സ്ഥാനം പിടിക്കുകയും അതിനെക്കുറിച്ച് ചർച്ച നടക്കുകയും ആ ചർച്ച സമരത്തിന്റെ രൂപത്തിലേയ്ക്ക് ചിലപ്പോൾ പുറത്തുവരികയുമൊക്കെ ചെയ്യുമ്പോൾ സ്വാഭാവികമായും പുറത്തിറങ്ങി നടക്കാൻ കഴിയാത്ത സാഹചര്യംപോലും മന്ത്രിമാർക്ക് ഉണ്ടായിക്കൂടേയെന്ന് ഞാൻ സംശയിക്കുകയാണ്. അങ്ങയോട് ഇക്കാര്യം വേദനാപൂർവം പറയാതിരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് പറയുകയാണ്. കേരളത്തിൽ ഒരൊറ്റ പത്രത്തിൽ മാത്രം വാർത്ത വന്നിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയ്ക്ക് സർക്കാർ ആശുപത്രികൾ ലേലത്തിൽ കൊടുക്കുന്ന പരിപാടിയില്ല, സർക്കാർ ആശുപത്രികൾ വിൽക്കുന്ന പരിപാടിയുമില്ല, പാട്ടത്തിന് കൊടുക്കുന്ന പരിപാടിയുമില്ല. സർക്കാർ ആശുപത്രികളിൽ എം.ആർ.ഐ. സ്കാൻ പോലെയുള്ള നാലര കോടി, അഞ്ചു കോടി രൂപ വിലവരുന്ന വളരെ ആധുനികമായ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുമെന്നാണ് ഞാൻ പറഞ്ഞത്. അതിനർത്ഥം പാട്ടത്തിന് നൽകുമെന്നല്ല. അങ്ങനെ തെറ്റിദ്ധരിപ്പിക്കപ്പെട്ടതിൽ വളരെയധികം വേദനയുണ്ട്. എന്തായിരുന്നാലും ബഹുമാനപ്പെട്ട മെമ്പർക്ക് ആശങ്കയ്ക്ക് യാതൊരു അവകാശവുമില്ല. സർക്കാർ അശുപത്രികൾ ധർമ്മാശുപത്രികൾ എന്നുള്ള സങ്കൽപ്പത്തിൽനിന്നും അല്പംപോലും പിന്നോട്ടുപോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. മാത്രമല്ല പാവപ്പെട്ടവർക്ക് ഏറ്റവും മികച്ച ചികിത്സ നൽകുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : You have made it very clear.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കഴിഞ്ഞ വർഷം ജൂലായ് 10-ാം തീയതി ബഹുമാനപ്പെട്ട മിനിസ്റ്റർ തൃശൂരിലെ എം.എൽ.എ.മാരെ ഉൾപ്പെടെ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ തൃശൂർ മെഡിക്കൽകോളേജ് ടൗണിൽ നിന്ന് മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഒരു അഷ്വറൻസ് നൽകി. അത് ഏറ്റവും വേഗത്തിൽ നടപ്പാക്കണം. അങ്ങയുടെ മുൻഗാമികളായ മന്ത്രിമാരും ആ അഷ്വറൻസ് ഞങ്ങൾക്ക് തന്നിട്ടുള്ളതാണ്. 24 വർഷമായിട്ട് തൃശൂർ മെഡിക്കൽ കോളേജ് രണ്ട് പ്രദേശങ്ങളിലായിട്ട് കിടക്കുകയാണ് അതുകൊണ്ട് പി.ജി. കോഴ്സ് ഉൾപ്പെടെ ആരംഭിക്കാൻ കഴിയുന്നില്ല. കേന്ദ്രത്തിൽ നിന്നും വരുന്ന സംഘത്തിന്റെ പരിശോധനയിലും നമുക്ക് അനുകൂലമല്ലാത്ത റിപ്പോർട്ട് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃശൂർ മെഡിക്കൽ കോളേജ് ടൗണിൽനിന്നും മുളങ്കുന്നത്തുകാവിലേയ്ക്ക് എന്നത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും ?

ശ്രീ. പി. ശങ്കരൻ : തൃശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേയ്ക്ക് 2003 അവസാനിക്കുന്നതിന് മുൻപ് മാറ്റും എന്ന് ഞാൻ ഉറപ്പ് തരുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, അടിയന്തിര സാഹചര്യങ്ങളെ നേരിടാനുള്ള സംവിധാനങ്ങൾ നമ്മുടെ സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട് ഇന്ന് നിലവിൽ ഇല്ല എന്നുള്ള ആക്ഷേപം ഉണ്ട്. വേണ്ടത്ര ഡോക്ടർമാർ ഇല്ല. അതുപോലെ തന്നെ ആവശ്യത്തിന് സ്റ്റാഫും ഇല്ല, മരുന്നില്ല. ഇപ്പോൾത്തന്നെ ഡെങ്കിപ്പനി വ്യാപകമായി കേരളത്തിൽ പടർന്നു പിടിച്ചപ്പോൾ അതിനെതിരായി ഫലപ്രദമായ നടപടികൾ സ്വീകരിക്കും എന്നുള്ള തരത്തിൽ മന്ത്രി പലതവണ അത് വ്യക്തമാക്കിയിട്ടും അത് താഴെത്തട്ടിലോട്ട് വരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആശുപത്രികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയമാണ്. ഡോക്ടർമാർ കൃത്യമായിട്ട് ഹാജരാകുന്നില്ല. എല്ലാ പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങളിലും മരുന്നുകൾ എത്തി എന്നുള്ള തരത്തിലാണ് മന്ത്രി പറഞ്ഞത്. പക്ഷേ, അതൊന്നും എത്തിയിട്ടില്ല. അതുകൊണ്ട് ഈ കുറവുകൾ പരിഹരിക്കേണ്ടതാണ്. ഇപ്പോഴും ഡങ്കിപ്പനി തടയുന്നതിനുള്ള ഫലപ്രദമായ സംവിധാനം ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഫലപ്രദമായി നടപ്പാക്കാൻ മന്ത്രി തന്നെ ഈ കാര്യത്തിൽ മോണിറ്റർ ചെയ്ത് അത് ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, എത്ര ഫലപ്രദമായി നടത്തിയാലും ആക്ഷേപങ്ങൾ ഉയർത്തും. കേരളത്തിൽ ഡെങ്കിപ്പനി, എലിപ്പനി, വൈറൽ ഫിവർ, മലേറിയ തുടങ്ങിയ രോഗങ്ങൾ പടർന്നു പിടിക്കുന്നുണ്ട്. കേരളത്തിലെ ആരോഗ്യ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ നഷ്ടപ്പെടുമോ എന്നുള്ള ഭയം കൊണ്ട് തന്നെ ഇക്കാര്യത്തിൽ വളരെ സുതാര്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യത്തെ തവണ 1,18,00,000 രൂപയും രണ്ടാമത്തെ തവണ 2,30,00,000 രൂപയും മൂന്നാമത്തെ തവണ 1,90,00,000 രൂപയും വിവിധ ആശുപത്രികളിൽ എത്തിക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. അത് ഫലപ്രദമായി എത്തിക്കാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് മോണിറ്റർ ചെയ്തിട്ടുണ്ട്. അതുകൂടാതെ കേന്ദ്ര ഗവൺമെന്റിൽ നിന്നും അഞ്ച് കോടി രൂപ സഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇന്ന് വൈകിട്ട് ഡബ്ലിയു.എച്ച്.ഒ.-യുടെ ഉന്നത അധികാരികളുമായി സംസാരിക്കാൻ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ ആയിരുന്ന ഡോ. കേശവൻകുട്ടി നായർ ഡൽഹിക്ക് പോയിട്ടുണ്ട്. അദ്ദേഹം അവരുമായി സംസാരിച്ച് എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഡബ്ല്യു.എച്ച്.ഒ.-വിന്റെ ഒരു സംഘം തന്നെ കേരളത്തിലേയ്ക്ക് വരണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. പകർച്ചപ്പനി ഇങ്ങനെ വ്യാപകമാകുന്നതിന്റെ കാരണം കണ്ടെത്താൻവേണ്ടി. ഡബ്ല്യു.എച്ച്.ഒ.-ന്റെ ഒരു സംഘം തന്നെ കേരളത്തിലേയ്ക്ക് വരണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, മെഡിക്കൽ കോളേജുകൾ സ്വകാര്യവൽക്കരിക്കില്ല അല്ലെങ്കിൽ പാട്ടത്തിന് കൊടുക്കില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു. യഥാർത്ഥത്തിൽ അടിസ്ഥാനരഹിതമായ ഒരു അഭിപ്രായമാണ് അദ്ദേഹം പറഞ്ഞത്. എനിക്ക് രേഖാമൂലം തന്നെ അദ്ദേഹം മറുപടി നൽകിയിട്ടുണ്ട്. ഞാൻ ചോദിച്ച ചോദ്യത്തിന് മെഡിക്കൽ കോളേജ് അടക്കമുള്ള ആശുപത്രികളിൽ സ്വകാര്യ നിക്ഷേപം നടപ്പാക്കുമെന്നും പാട്ടത്തിന് നൽകുമെന്നും എനിക്ക് മറുപടിയായി നൽകിയിട്ടുണ്ട്. പരസ്പര വിരുദ്ധമായ മറുപടികളാണ് പറയുന്നത്. അതാണ് വിശ്വസിക്കാൻ കഴിയാത്തത്. മിക്കവാറും മന്ത്രിയുടെ മറുപടി പരസ്പരവിരുദ്ധങ്ങളാണ്. ഇന്ന് നിയമസഭയിൽ ഒന്ന് പറയുന്നു. നാളെ വേറൊന്ന് പറയുന്നു. മെഡിക്കൽ കോളേജുകൾ കുറവുകളുടെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. മന്ത്രിക്ക് അത് ബോദ്ധ്യമാണ്. അതുകൊണ്ട് ഈ സ്വകാര്യ നിക്ഷേപം സ്വീകരിക്കാതെ നമ്മുടെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സജീവമായി കൃത്യമായി കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? അതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, സ്വകാര്യ നിക്ഷേപവും പാട്ടത്തിന് നൽകുന്നതും രണ്ടും രണ്ടാണ്. ഈ രണ്ട് കൊല്ലം കൊണ്ടാണ് മെഡിക്കൽ കോളേജിന്റെ സ്ഥിതി ഇങ്ങനെയായത്. രണ്ടുവർഷംകൊണ്ട് മെച്ചപ്പെടുകയല്ലേ ചെയ്തത് ? ട്രോമാകെയർ യൂണിറ്റിനുവേണ്ടി 1,42,00,000 ലക്ഷം രൂപ കേന്ദ്രത്തിൽ പോയി ഞാൻ വാങ്ങിച്ചതാണ്. ഞാനും ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥൻമാരും അവിടെ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് മെഡിക്കൽ കോളേജിന് ട്രോമാകെയർ യൂണിറ്റിനുവേണ്ടി 1,42,00,000 രൂപ വാങ്ങാൻ കഴിഞ്ഞത്. അതുപോലെ തന്നെ ഒന്നരക്കോടി രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിച്ചിട്ടുണ്ട്. ഒരുപാട് കേന്ദ്ര സഹായങ്ങൾ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന് കാഷ്വാലിറ്റി, ഐ.സി യൂണിറ്റ് ശീതീകരിക്കുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ചു. അങ്ങനെ മെഡിക്കൽ കോളേജുകളിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. അതുമല്ല ഇനിയും ധാരാളം കാര്യങ്ങൾ ഉണ്ട്. എല്ലാം കൂടി പറയാൻ സമയം ഇല്ലാത്തതുകൊണ്ടാണ് പറയാത്തത്. കഴിഞ്ഞ പത്തുപതിമൂന്ന് കൊല്ലങ്ങളായി ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേരാറില്ലായിരുന്നു. അത് സമയബന്ധിതമായി നടത്തി ഇപ്പോൾ 1500

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർക്ക് പ്രൊമോഷൻ നൽകി. ഡോക്ടർമാർ സർക്കാർ സർവ്വീസിൽ കടന്നുവരാത്ത സ്ഥിതിക്ക് എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല. ഇപ്പോൾ 200 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. 617 ഡോക്ടർമാരെ പി.എസ്.സി. മുഖേന നിയമിച്ചു. കഴിഞ്ഞ പ്രാവശ്യം 100 ഡോക്ടർമാരെ നിയമിക്കാൻവേണ്ടി പി.എസ്.സി വിളിച്ചു. 16 പേരാണ് വന്നത്. ഞാൻ എന്ത് ചെയ്യാനാണ് ? അവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. ശമ്പളം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കില്ല. അതിന് കാരണക്കാരൻ ഞാനല്ലല്ലോ. അതിന് കാരണക്കാരൻ മുഖ്യമന്ത്രിയുമല്ല. ഇപ്പോൾ പെട്ടെന്ന് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞാൽ നടക്കാത്ത കാര്യമാണ്. 24,000 കോടി രൂപയുടെ കടബാദ്ധ്യത. നിങ്ങൾ തന്നെ പറഞ്ഞു അത് 31,000 കോടി രൂപയായി എന്ന്. അതുകൊണ്ടാണ് സ്വകാര്യ നിക്ഷേപം ആഗ്രഹിക്കുന്നത്. അത് പാട്ടത്തിന് കൊടുക്കൽ അല്ല. ഇനിയും വ്യക്തമാക്കുന്നു. വീണ്ടും ആവർത്തിച്ചു വ്യക്തമാക്കുന്നു. പാട്ടത്തിന് കൊടുക്കില്ല. സ്വകാര്യ നിക്ഷേപം തുടരും. സംശയം വേണ്ട.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കാറ്റഗറിക്കലായിട്ട് പാട്ടത്തിന് കൊടുക്കുകയോ വിൽക്കുകയോ ചെയ്യുകയില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പച്ച മലയാളത്തിൽ പറഞ്ഞത്. അതിന്റെ പൂർണ്ണ അർത്ഥത്തോടുകൂടി എടുക്കുന്നതിൽ യാതൊരു വിഷമവും ഇല്ല. എന്നാൽ അതുപോലെ തന്നെ സഹായം നൽകുക, അതിന്റെ പലിശയോ അതിന്റെ ഷെയറോ ഒന്നും ഇല്ലാതെ ഹൃദ്യമായ സഹായം നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്ക് അങ്ങേയറ്റത്തെ മനുഷ്യത്വ സഹജമായ സ്വഭാവത്തോടുകൂടി നൽകുക. ആ സഹായം ഗവൺമെന്റിന് വാങ്ങാം. അതിലും തെറ്റില്ല. അതേസമയം തന്നെ ഇത് ഒരു മുതൽമുടക്കാണ് എന്ന നിലയിൽ മുടക്കുകയും അതിന് എന്തെങ്കിലും പ്രതിഫലം നൽകുകയും ചെയ്യുന്ന സ്ഥിതിയുണ്ടോ ? അതാണ് ഈ പാട്ടത്തിന് കൊടുക്കുന്നതുപോലെയുള്ള കാര്യങ്ങളിലേക്കുള്ള നിലയിൽ ചിന്തിക്കാൻ ഇടവരുന്നത്. അങ്ങനെയുള്ള കാര്യങ്ങൾ ഒന്നും ഇല്ല. ഗവൺമെന്റ് വാങ്ങുന്നു. നമ്മുടെ സംസ്ഥാനത്തെ പൊതുജനങ്ങൾക്കുവേണ്ടി ആരോഗ്യ പരിരക്ഷയ്ക്ക് വിനിയോഗിക്കുന്നു എന്നുള്ള നിലയിൽ നിഷ്കളങ്കമായ നിലയിൽ ചെയ്യുന്നു എന്ന് മനസ്സിലാക്കാമോ ? അതോ മറിച്ച് മനസ്സിലാക്കാൻ ഇടയാകത്തക്ക തരത്തിൽ വല്ലതും ഉണ്ടോ ?

ശ്രീ. പി. ശങ്കരൻ : സർ, സ്വകാര്യ നിക്ഷേപം മുൻപും അനുവദിച്ചിട്ടുണ്ട്. അത് തുടരുന്നു എന്ന് മാത്രമേയുള്ളൂ. ആശുപത്രികളിൽത്തന്നെ സ്വകാര്യ വ്യക്തികൾക്ക് മെഡിക്കൽ ഷോപ്പുകൾ തുടങ്ങാനുള്ള അനുവാദം നൽകിയിട്ടുണ്ട്. മുൻപും നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലുണ്ട്. അവിടെയൊക്കെ നേരത്തെ നൽകിയതുപോലുള്ള മുതൽമുടക്കുകൾ നൽകാൻ ഇനിയും അനുവദിക്കും. സഹായം മാത്രമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത് വളരെ കാറ്റഗറിക്കലായി പറയുന്നു എന്നുള്ളതാണ്. അതുകൊണ്ട് കാറ്റഗറിക്കലായി ഞാൻ പറയുന്നു, സ്വകാര്യ നിക്ഷേപം ഗവൺമെൻറിനോ ആശുപത്രിക്കോ ദോഷകരമായിരിക്കില്ല. അതേയവസരത്തിൽ പാട്ടത്തിന് നൽകുകയോ വിൽക്കുകയോ ചെയ്യില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : പക്ഷേ, something is there.

Shri P. Sankaran : Sir, I do agree.

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കിക്കൊണ്ട് ശ്രീ. വി. എം. സുധീരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രാദേശികമായി സ്വരൂപിക്കുന്ന പണത്തിന്റെ അത്രയും സംഖ്യ ഗവൺമെന്റ് മാച്ചിംഗ് ഗ്രാന്റ് നൽകിയിരുന്നു, അത് ആശുപത്രികളുടെ വികസനത്തിന് വളരെയേറെ സഹായകരമായിരുന്നു, അതുപോലെ പ്രാദേശികമായി സ്വരൂപിക്കുന്ന പണത്തിന് തുല്യമായ സംഖ്യ മാച്ചിംഗ് ഗ്രാന്റ് നൽകിക്കൊണ്ട് ആശുപത്രികളുടെ വികസനത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, മനോഹരമായ ഐഡിയയാണ്, കേരളത്തിൽ അത് നടക്കുമെന്നുള്ള വിശ്വാസം എനിക്കില്ല, കാരണം രണ്ടുവർഷം കൊണ്ട് എന്റെ അനുഭവം അതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സർക്കാർ ആശുപത്രികളുടെ വികസനത്തിനു വേണ്ടി സ്വകാര്യ മൂലധനം ഉപയോഗിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. സ്വകാര്യ മൂലധനം ഉപയോഗിക്കുമ്പോൾ, ഇതിനുമുമ്പ് നമ്മൾ വേൾഡ് ബാങ്കിന്റെ സ്കീമിലും മറ്റു ധനകാര്യ ഏജൻസികളിൽ നിന്നും കടമെടുത്തുകൊണ്ടും ചെയ്തിട്ടുണ്ട്. അന്ന് അത് സർക്കാർ തന്നെ നടത്തിക്കൊണ്ടു പോകുകയാണ് ചെയ്തത് ഇതിന് മാറ്റംവരുത്തിക്കൊണ്ട് സ്വകാര്യ മൂലധനം സ്വീകരിക്കുമ്പോൾ ഒരു ഗവൺമെന്റ് ആശുപത്രിയിലെ ഉപകരണങ്ങൾ ഒരു സ്വകാര്യവ്യക്തിക്ക് അവിടെവയ്ക്കാൻ അനുവാദം കൊടുക്കുകയാണോ ഉദ്ദേശിക്കുന്നത്, അങ്ങനെ കൊടുക്കുമ്പോൾ അതിന്റെ പൈസ അവർതന്നെ ഈടാക്കുമോ; അല്ല സ്വകാര്യ വ്യക്തി അവിടെ ഒരു കെട്ടിടം നിർമ്മിച്ച് ആ കെട്ടിടത്തിൽ നിന്നുള്ള പേവാർഡ് എന്നുള്ള നിലയിൽ പൈസ മുഴുവനും ഈടാക്കാൻ സ്വകാര്യ മേഖലയെ അനുവദിക്കുമോ, ഏതുവിധത്തിലാണ് ഈ സ്വകാര്യ മൂലധനം സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. ശങ്കരൻ : സർ, സ്വകാര്യ വ്യക്തികൾക്ക് ഒരു കാരണവശാലും പൂർണ്ണമായ നിയന്ത്രണം അവിടെ ഉണ്ടാകില്ല. ഗവൺമെന്റ് ആശുപത്രികളുടെ അല്ലെങ്കിൽ മെഡിക്കൽകോളേജ് ആശുപത്രികളുടെ എന്ന നിലയിൽ ഭരണാധികാരികളുടെ നിയന്ത്രണത്തിലും കീഴിലും ആയിരിക്കും അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുക, അതിന് തയ്യാറുള്ളവരെ മാത്രമേ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകൂ.

ശ്രീ. എ. പി. അനിൽകുമാർ : സർ, ലോകബാങ്കിന്റെ സഹായത്തോടും അതുപോലെ നബാർഡിന്റെ സഹായത്തോടുമൊക്കെ വളരെയധികം പരിഷ്ക്കാരങ്ങൾ നടത്തുന്നതിനെക്കുറിച്ച് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്വാഗതാർഹമാണ്. യഥാർത്ഥത്തിൽ നമ്മുടെ പ്രശ്നം പലപ്പോഴും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, അതുപോലെ ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഒക്കെയാണ് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഐ.പി. സംവിധാനം നിലവിലുള്ളത്.100 കണക്കിന് പി.എച്ച്.സി.-കളിൽ പലപ്പോഴും കെട്ടിടസൗകര്യങ്ങൾ ഉണ്ടായിട്ടുപോലും ഇന്ന് ഐ.പി. സംവിധാനം ഏർപ്പെടുത്തുവാൻ, സി.എച്ച്.സി. ആയി ഉയർത്തിക്കൊണ്ട് പ്രശ്നം പരിഹരിക്കുവാൻ ഗവൺമെന്റ് തയ്യാറാവാത്ത ഒരവസ്ഥ ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ടാണ് ഇന്ന് സ്വകാര്യ ആശുപത്രികൾ വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്റെ ചോദ്യം കെട്ടിട സൗകര്യങ്ങൾ ഉള്ള, മറ്റെല്ലാ സ്ഥലസൗകര്യങ്ങളുമുള്ള പല പി.എച്ച്.സി. കളിലും ഇന്ന് ഐ.പി. ഇല്ലാതെ കെട്ടിടങ്ങൾ ശൂന്യമായി കിടക്കുന്ന അവസ്ഥയാണ്. അത്തരം സൗകര്യങ്ങളുള്ള സ്ഥലത്തെങ്കിലും ഐ.പി. സംവിധാനം ഏർപ്പെടുത്തുവാനും കൂടുതൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുവാനും, ഡോക്ടർമാരെ നിയമിക്കുവാനും, സ്റ്റാഫിനെ നിയമിക്കുവാനും ഒക്കെ ഗവൺമെന്റ് തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. ശങ്കരൻ : സർ, ഇക്കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിച്ചുവരികയാണ്. ബഹുമാന്പ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നു അടിയന്തിരമായിട്ട് എന്തെങ്കിലുമൊരു പദ്ധതി തയ്യാറാക്കണം, അടിയന്തിരമായിട്ട് ഇക്കാര്യം ചെയ്യണം എന്ന് അദ്ദേഹം തന്നെ നിർദ്ദേശിച്ചിട്ടുമുണ്ട്. എന്തായിരുന്നാലും നമ്മുടെ നിലവിലുള്ള ആശുപത്രികളുടെ സ്ഥിതി, പല ആശുപത്രികളും അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ, താലൂക്ക് ആശുപത്രികളാക്കി ഉയർത്തിയ, ജില്ലാ ആശുപത്രികളാക്കി ഉയർത്തിയ പല സ്ഥാപനങ്ങളിലും അതിനനുസരിച്ചുള്ള സ്റ്റാഫിനെ നിയമിക്കാൻ ഇന്നുവരെ നമുക്ക് സാധിച്ചിട്ടില്ല. ഡോക്ടർമാരെയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ചുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടത്തിയ പ്രസ്താവനയുടെ വെളിച്ചത്തിൽ 10 കോടി രൂപ ഗവൺമെന്റ് മുതൽമുടക്കി കോഴിക്കോട് പണി ഏതാണ്ട് പൂർത്തീകരിച്ചിട്ടുള്ള സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് ഷാർജയിലെ ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസുമായി ഉണ്ടാക്കിയിട്ടുള്ള എം.ഒ.യു., (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) റദ്ദാക്കിയതായി ഈ സഭയിൽ അറിയിക്കുവാൻ മന്ത്രി സന്നദ്ധമാകുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് വേറെ തുടങ്ങുന്നതിന് ഒരു മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പിട്ടു എന്നല്ലാതെ അതിന് ഇപ്പോൾ പ്രവർത്തിക്കുന്ന സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്കുമായി യാതൊരു ബന്ധവുമില്ല. അത് വിട്ടുകൊടുക്കുന്ന വിഡ്ഢിത്തം നമ്മൾ കാണിക്കുമോ ? ഒരു കാരണവശാലും അത് വിട്ടുകൊടുക്കുകയില്ല. ആ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പത്തര കോടി രൂപ ചെലവഴിച്ച് നമ്മൾ പണി തുടങ്ങിയത് നമ്മൾ തന്നെ പൂർത്തീകരിക്കും, അത് ആർക്കും വിട്ടുകൊടുക്കുന്ന പ്രശ്നമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, നമ്മുടെ സംസ്ഥാനത്ത് പി.എച്ച്.സി.യും, സി.എച്ച്.സി.യും, താലൂക്ക് ആശുപത്രികളും കൂടാതെ അതിനിടയിൽ 100 ബെഡ്ഡുകൾക്ക് താഴെവരെയുള്ള ചില ഗവൺമെന്റ് ആശുപത്രികളും ഡിസ്പെൻസറികളുമുണ്ട്. ഈ പി.എച്ച്.സി. മുതൽ സി.എച്ച്.സി വരെയുള്ള താലൂക്ക് ആശുപത്രിവരെയുള്ള, ആശുപത്രികൾക്കൊക്കെ വിവിധ സ്കീമുകൾ ഉണ്ടെന്ന് ഇവിടെ പറഞ്ഞു. 100 ബെഡ്ഡിനു താഴെ 50 ബെഡ്ഡ്, 30 ബെഡ്ഡ് വരെയുള്ള ഗവൺമെന്റ് ആശുപത്രികൾ ഉണ്ട്, ഇത്തരം ആശുപതികൾക്ക് എന്തെങ്കിലും സ്കീമുകൾ തയ്യാറാക്കുവാനും പ്രഖ്യാപിക്കുവാനും സന്നദ്ധമാകുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഇത്തരം ആശുപത്രികൾ സ്റ്റാൻഡേർഡൈസ് ചെയ്യാനുള്ള പദ്ധതി ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതനുസരിച്ച് ഇപ്പോഴുള്ള 100 ബെഡ്ഡിനു മേലുള്ള ആശുപത്രികളൊക്കെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിങ്ങനെ തരംതിരിക്കപ്പെട്ടിട്ടുണ്ട്. സ്റ്റാൻഡേർഡൈസേഷൻ ഓഫ് ഹോസ്പിറ്റൽ എന്നുപറയുമ്പോൾ ഇത്തരത്തിൽ അതുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോൾ ആശുപത്രികളിലെല്ലാം സ്റ്റാഫിന്റെ നിയമനം നടന്നിരിക്കുന്നത്. ഇന്നത്തെ കാലത്ത് രോഗികളുടെ എണ്ണം ധാരാളം വർദ്ധിച്ചിട്ടുണ്ട്, ജനസംഖ്യയിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്, ആനുപാതികമായി അതനുസരിച്ച് ബെഡ്ഡുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ല, സ്റ്റാഫിന്റെ എണ്ണവും വർദ്ധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പുതിയ ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുകയും, കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കത്തക്ക നിലയിൽ ബെഡ്ഡിന്റെയും, സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ?

ശ്രീ. പി. ശങ്കരൻ : സർ, സ്റ്റാൻഡേർഡൈസേഷൻ ഓഫ് ഹോസ്പിറ്റൽസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അതാണ്. കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുകയും, കൂടുതൽ ഡോക്ടർമാരെ നിയമിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായിട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 5 സ്പെഷ്യാലിറ്റിയും, താലൂക്ക് ആശുപത്രികളിൽ 8 സ്പെഷ്യാലിറ്റിയും, ജില്ലാ ആശുപത്രികളിൽ 12 സ്പെഷ്യാലിറ്റിയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞവർഷം മുതൽ അത് നടപ്പിലാക്കി. 395 ഡോക്ടർമാരുടേയും അത്രയും സ്റ്റാഫിന്റെയും ലഭ്യതയനുസരിച്ച് അത് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, പ്രൈമറി ഹെൽത്ത് സെന്ററുകൾ നവീകരിക്കുന്നതിന് നബാർഡിന്റെ ഒരു പദ്ധതിയുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഞങ്ങളുടെയൊക്കെ സ്ഥലത്തെ പി.എച്ച്.സി.കൾ ലിസ്റ്റിലുണ്ട്. ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ ? കാരണം ചില പ്രൈമറി ഹെൽത്ത് സെന്ററുകൾ വളരെ മോശം കണ്ടീഷനാണ്, അതുകൊണ്ട് എന്നത്തേയ്ക്ക് ഇത് ആരംഭിക്കാൻ കഴിയുമെന്ന് അങ്ങേയ്ക്ക് ഇവിടെ പറയാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സർ, നബാർഡിന്റെ കേരളത്തിൽ പ്രവർത്തിക്കുന്ന ശാഖയ്ക്ക് ഇത് കൈമാറിയിട്ടുണ്ട്. അവർ കേന്ദ്രത്തിൽ ബന്ധപ്പെട്ട ആൾക്കാരുമായി ചർച്ചചെയ്ത് ജൂലൈ മാസത്തോടുകൂടി അതിന്റെ പ്രവർത്തനം തുടങ്ങാമെന്നാണ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, പലപ്പോഴും സ്പെഷ്യലൈസ്ഡ്, സൂപ്പർ സ്പെഷ്യലൈസ്ഡ് തസ്തികയെ സംബന്ധിച്ച് ഇവിടെ പറയാറുണ്ട്. എന്റെ ചോദ്യം നമ്മുടെ ജില്ലാ ആശുപത്രികളിൽ അങ്ങനെ ഒരു തസ്തിക ഇപ്പോൾ നിലവിലില്ല. ഈ തസ്തിക നിലവിലില്ലാത്തിടത്തോളം കാലം കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി ഈ വിഭാഗങ്ങളിൽ ഡോക്ടർമാരെ കിട്ടില്ല. അസിസ്റ്റന്റ് സർജൻ പോസ്റ്റിലേയ്ക്കാണ് പി.എസ്.സി. ഇപ്പോൾ വിളിക്കുന്നത്. അതിലേയ്ക്ക് ആരും വരില്ല. ഈ തസ്തിക സൃഷ്ടിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പി. ശങ്കരൻ : സർ, നമ്മൾ സ്പെഷ്യാലിറ്റി കേഡറാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അസിസ്റ്റന്റ് സർജൻമാരെ സിവിൽ സർജൻമാരായി പ്രൊമോട്ട് ചെയ്യുക എന്നുള്ളതാണ് ഇപ്പോൾ നിലവിലുള്ള സംവിധാനം. അതിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും സംവിധാനം വേണമോ എന്ന കാര്യം ആലോചിക്കേണ്ടിയിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, കേരളത്തിലെ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേൾഡ് ബാങ്കിന് ഹെൽത്ത് സിസ്റ്റം പ്രോജക്ട് ഈ ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ട്, അതിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എന്റെ ചോദ്യം ഈ ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ഏതെല്ലാം ആശുപത്രികളാണ് ഉൾപ്പെടുത്തേണ്ടത് എന്ന് നേരത്തെ തീരുമാനിച്ചിട്ട് പ്രോജക്ട് കൊടുക്കുകയാണോ ചെയ്യുന്നത്, അതോ പണം അനുവദിച്ചതിനു ശേഷമാണോ ഏതെല്ലാം ആശുപത്രികളാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടത് എന്ന് തീരുമാനിക്കുന്നത് എന്ന് വിശദീകരിക്കാമോ ?

ശ്രീ. പി. ശങ്കരൻ : സർ, നേരത്തെ തന്നെ ഏതൊക്കെ ആശുപത്രികളാണ് ഉൾപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് വിശദമായി സ്റ്റാറ്റിസ്റ്റിക്സ് തയ്യാറാക്കിയതിനു ശേഷമാണ് പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്.

ശ്രീ. ടി. കെ. ബാലൻ : സർ, നമ്മുടെ ഹെൽത്ത് വകുപ്പിന്റെ കീഴിൽ ലെപ്രസി ഹോസ്പിറ്റൽ, ടി.ബി. ഹോസ്പിറ്റൽ, മെന്റൽ ഹോസ്പിറ്റൽ എന്നിങ്ങനെയുള്ള ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. വളരെ പഴക്കമുള്ള ചികിത്സാവിധി മാത്രമല്ല അവിടത്തെ സൗകര്യങ്ങളെല്ലാം തന്നെ പരിമിതമാണ്. വിശേഷിച്ച് പാവപ്പെട്ട ആളുകൾ ചികിത്സയ്ക്കായി വരുന്ന ഇത്തരം ആശുപത്രികൾ ഇന്ന് അങ്ങേയറ്റം അവഗണിക്കപ്പെടുകയാണ്. നിരവധി നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ടുകൾതന്നെ ഈ മൂന്നുതരം ചികിൽസാ കേന്ദ്രങ്ങളുടെ നവീകരണത്തിനുവേണ്ടി ഗവൺമെന്റിന്റെ മുൻപാകെയുണ്ട്. ഇത് സത്വരമായി പരിഗണിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. ലെപ്രസി, ടി.ബി., മെന്റൽ, ഹോസ്പ്പിറ്റലുകളുടെ നവീകരണം ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ ഗവൺമെന്റ് തയ്യാറാക്കിവരികയാണ്.

ശ്രീമതി രാധാ രാഘവൻ : സർ, എനിക്ക് മൂന്ന് ചോദ്യം ചോദിക്കാനുണ്ട്.

മി. സ്പീക്കർ : ഒരു ചോദ്യം ചോദിക്കൂ.

ശ്രീമതി രാധാ രാഘവൻ : സർ, മാനന്തവാടിയിൽ ഇപ്പോൾ ആയുർവ്വേദ ചികിത്സയ്ക്കുള്ള മരുന്നുമായി ഒരു ലോറി വന്നിട്ട് മൂന്നുനാല് ദിവസത്തോളമായി. വയനാട് ജില്ലയിലും സംസ്ഥാനത്താകമാനവും ഇപ്പോൾ പകർച്ചവ്യാധികൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് ആ ഒരു ലോഡ് മരുന്ന് ഇതുവരെയായിട്ടും അവിടെ ഇറക്കിയിട്ടില്ല. നെല്ലൂർനാട് ഹോസ്പ്പിറ്റലിൽ ഇപ്പോൾ ഡോക്ടർമാരില്ല. അവിടെയാണെങ്കിൽ അംബേദ്ക്കർ സ്കൂളിലെ കുട്ടികളും അതുപോലെതന്നെ ആദിവാസി കുട്ടികളും ചികിൽസയ്ക്ക് എത്തുന്നുണ്ട്. അവിടെ ഡോക്ടർമാരില്ല. അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ആശുപത്രിയിൽ ഡോക്ടർമാർ ഇല്ലാത്ത കാര്യം വളരെവേഗം പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കാം. ആയുർവ്വേദ മരുന്നുകൾ അവിടെ എത്തിയിട്ട് ഇറക്കാൻ സാധിച്ചില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. പി. ജയരാജൻ : സർ, ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട പ്രതാപൻ സൂചിപ്പിച്ചത് നൂറ് ബെഡ്ഡിനു താഴെയുള്ള ഈ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ്. 100 ബഡ്ഡിനു മേലെയുള്ള ഈ താലൂക്ക് ആശുപത്രികൾക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റിനും ഇടയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആശുപത്രിയിൽ അവിടെ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിക്കുമെന്ന് ഗവൺമെന്റിനുവേണ്ടി മന്ത്രി നേരത്തെ പ്രഖ്യാപിച്ചതാണ്. അത് എപ്പോൾ നടപ്പിലാക്കും ? കാരണം സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വിദേശയാത്ര നടത്തിയെന്നുപറയുന്നു. എപ്പോൾ നടപ്പിലാക്കുമെന്ന് പറയാൻ കഴിയുമോ ?

ശ്രീ. പി. ശങ്കരൻ : സർ, അത് കഴിഞ്ഞ വർഷം തന്നെ നടപ്പിലാക്കി തുടങ്ങിയതാണ്. പക്ഷേ, അത് പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കണമെങ്കിൽ 395 ഡോക്ടർമാരുടെയും അത്രതന്നെ സ്റ്റാഫിന്റേയും ആവശ്യമുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചു, പ്രൈമറി ഹെൽത്ത് സെന്ററിന് താഴെയുള്ള ഡിസ്പെൻസറികൾ ഉൾപ്പെടെയുള്ള ആശുപത്രികൾ ഈ പദ്ധതിയിൽ പെടില്ല. Standardization-നിൽപ്പെടുകയില്ല. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനെ കുറിച്ച് മറ്റുതരത്തിൽ ആലോചിക്കുന്നതാണ്.

ശ്രീ. എ.എൻ. രാജൻ ബാബു : സർ, ആസ്പിരിൻ, ബ്രൂഫൻ തുടങ്ങിയ മരുന്നുകൾ ഡെങ്കിപ്പനിയ്ക്ക് കൊടുക്കരുതെന്നും ഐ.ബി. ഫ്ളൂയിഡ് രക്തസ്രാവത്തിന് മുൻപ് കൊടുക്കരുതെന്നും ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചതായി അറിയുന്നു. ഏതാണ്ട് നൂറ്റിയറുപതിൽപ്പരം ആളുകൾ ഈ പനി മൂലം മരിച്ച സാഹചര്യത്തിൽ ഈ നിരോധിക്കപ്പെട്ട മരുന്നുകൾ കൊടുത്തിട്ടുണ്ടോയെന്ന് അന്വേഷിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : അത് അന്വേഷിക്കാവുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, അങ്ങ് ഇവിടെ പറഞ്ഞ ഈ കാര്യത്തിൽ ഇംഗ്ലീഷ് ഭാഷ വലിയ വശമില്ലാത്തതുകൊണ്ട് ഒന്ന് മലയാളം പറഞ്ഞുതരണമെന്ന ഒരു അപേക്ഷയുണ്ട്. കാരണം ജിമ്മിൽ അന്ന് ഗവൺമെന്റ് വച്ച ഈ പ്രോജക്ടിൽ ലീസ് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ മലയാളമെന്താണെന്ന് ഒന്ന് വിശദീകരിച്ചുതന്നാൽ ഉപകാരമായിരിക്കും. കാരണം ഈ മെഡിക്കൽ കോളേജിലേയ്ക്ക് സമർപ്പിച്ചിരിക്കുന്ന പ്രോജക്ട് ഈ മെഡിക്കൽ കോളേജിലെ മുഴുവൻ സ്റ്റാഫിനേയും കൊടുക്കുകയും, മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ കൊടുക്കുകയും മെഡിക്കൽ കോളേജിൽ വരുന്ന മുഴുവൻ രോഗികളെയും, സ്റ്റഡി ഫ്ളോ ഓഫ് പേഷ്യന്റ്സ് എന്നാണ് എഴുതിവച്ചിരിക്കുന്നത്. ഇത്രയും കൊടുക്കുമ്പോൾ സ്വകാര്യ മുതൽമുടക്കുകാർക്കുവേണ്ടി ഗവൺമെന്റ് പറഞ്ഞിരിക്കുന്ന കാര്യം ലീസിൽ 1000 ഏക്കർ ഭൂമിയുടെ ഗുണഗണങ്ങൾ ആ പദ്ധതിക്കകത്ത് വിശദീകരിച്ചിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് ലീസിന് ഭൂമി കൊടുക്കണമെന്നാണ്. അദ്ദേഹം ഇവിടെപ്പറഞ്ഞു, പാട്ടത്തിന് കൊടുക്കുന്നില്ലായെന്ന്. ബഹുമാനപ്പെട്ട സ്പീക്കർ സാറും ചോദിച്ചപ്പോൾ something എന്നുപറഞ്ഞു, ഈ ലീസിന്റെ മലയാളമെന്താണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. പി. ശങ്കരൻ : സർ, ലീസ് എന്നുള്ളതിന് അർത്ഥം പാട്ടമാണെന്ന് അദ്ദേഹത്തിന് അറിയാം. പക്ഷേ, ഗവൺമെന്റിന്റെ നയമെന്താണെന്ന് വളരെ വ്യക്തമായിക്കഴിഞ്ഞു. ഞാൻ നേരത്തെ, അന്ന് സൂചിപ്പിച്ചതിന്റെ ഒരു കോപ്പിയുണ്ട്, ആ കോപ്പിയുള്ളതിൽ വിരോധമില്ല. അത് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ആണ്, ധാരണാപത്രമാണ്. ധാരണാപത്രത്തിൽ പറയുന്ന കാര്യങ്ങൾ മുഴുവൻ നടപ്പിലാക്കിക്കൊള്ളണമെന്നില്ല, ജിമ്മിൽ പദ്ധതികൾ വന്ന അവസരത്തിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ആ കാര്യമൊന്നും ഞാൻ നിഷേധിക്കുന്നില്ല. അതേയവസരത്തിൽ ഗവൺമെന്റിന്റെ ഉദ്ദേശം എന്താണെന്നാണ് ഞാൻ ഇവിടെ വ്യക്തമാക്കിയത്.

ശ്രീ. പി.ടി. തോമസ് : സർ, നമ്മുടെ സംസ്ഥാനത്ത് ആശുപത്രികളിലെല്ലാം ഇൻഫ്രാസ്ട്രക്ച്ചറുകളുണ്ട്, പക്ഷേ, ഭരണപരമായ പരാജയങ്ങളാണ് നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾവരെ ഇന്ന് കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് പ്രഗൽഭരായ അഡ്മിനിസ്ട്രേറ്റർമാർ വേണം. ഡോക്ടർമാർക്ക് പ്രൊമോഷൻ കൊടുത്ത് ഡി.എം.ഒ.-മാർ ആക്കിവയ്ക്കുന്നതുകൊണ്ട് ഭരണം നന്നാവണമെന്നില്ല. അതുകൊണ്ട് ആശുപത്രികളിൽ ശക്തമായ അഡ്മിനിസ്ട്രേറ്റീവ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? അതുവഴി ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ ?

ശ്രീ. പി.ശങ്കരൻ : സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. സതീശ ചന്ദ്രൻ : സർ, കാസർകോഡ് ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയ പരമദയനീയമായ കാര്യമാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ജില്ലാആശുപത്രി ആരംഭിച്ചിട്ട് 19 വർഷമായിട്ടും കാസർഗോഡ് ജില്ലാആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ താലൂക്ക് ആശുപത്രികളുടേതാണ്. ബോർഡ് മാറ്റിയതേയുള്ളൂ, ഇത് നിരോധിതമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറ്റ് ജില്ലാ ആശുപത്രികളിലും ഈ പ്രശ്നമില്ല. കാസർകോഡ് മാത്രമേയുള്ളൂ, അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, കാസർഗോഡ് മാത്രമല്ല, വയനാട് ജില്ലാ ആശുപത്രിയിലും സ്ഥിതി. ഇതുതന്നെയാണ്. വയനാട് ജില്ലാആശുപത്രി 1981-ലോ, 1982-ലോ മറ്റോ അപ്ഗ്രേഡ് ചെയ്തതാണ്. അവിടെ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ തന്നെയാണ് ഇപ്പോഴും ഉള്ളത്. ഇത് രണ്ടും ഉയർത്താനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. ഡി. സുഗതൻ : സർ, ആശുപത്രികളുടെ സൗകര്യങ്ങളെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ട് നാൽപ്പത്തിയൊന്ന് വർഷമായി. ഇതുവരെ ആശുപത്രിയുടെ പണിയൊന്നും ആയിട്ടില്ല. ഇന്നത്തെ നിലയിൽ തുടരുകയാണെങ്കിൽ അൻപത് വർഷം കഴിഞ്ഞാലും അതിന്റെ പണി പൂർത്തിയാകുകയില്ല. കഴിഞ്ഞ സഭയിൽ ഞാൻ സഭയുടെ ശ്രദ്ധക്ഷണിച്ചതാണ്. ഇക്കാര്യത്തിൽ അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ലോക ബാങ്കിന്റെ സഹായം തേടാമെന്നാണ്. അതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ശങ്കരൻ : സർ, ലോകബാങ്കിന്റെ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിയുടെ മറ്റ് കാര്യങ്ങളിലേയ്ക്ക് സംസ്ഥാന ഗവൺമെന്റ് നീങ്ങിയിട്ടില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ അൻപത് കൊല്ലം വേണ്ടെങ്കിലും വളരെ വർഷങ്ങൾ വേണ്ടിവരും. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പണംകൊണ്ട് ആശുപത്രി വികസനം എളുപ്പത്തിൽ സാധിക്കുകയില്ല എന്നാണ് തോന്നുന്നത്.

ശ്രീ. രാജു എബ്രഹാം : സർ, ആലപ്പുഴ മെഡിക്കൽ കോളേജിലുള്ള വൈറോളജി ലാബിൽ കേരളത്തിലെ കാസർഗോഡ് മുതൽ പാറശ്ശാലവരെയുള്ള ലക്ഷക്കണക്കിനാളുകളുടെ രക്തം പരിശോധിക്കാനായിട്ട് കുന്നുകൂടി കിടക്കുകയാണ്. ജില്ലാ കേന്ദ്രങ്ങളിൽ ഇത്തരം വൈറോളജി ലാബുകൾ ആരംഭിച്ചില്ലായെങ്കിൽ ഈ പനി പ്രശ്നം കണ്ടുപിടിക്കപ്പെടുന്ന കേസ്സുകളിൽ മരണം സംഭവിക്കുക ഉറപ്പാണ്. ഒരു ലക്ഷം രൂപയുണ്ടെങ്കിൽ ജില്ലാകേന്ദ്രങ്ങളിൽ ഈ ലാബുകൾ ആരംഭിക്കാൻ കഴിയും. അതുകൊണ്ട് അടിയന്തിരമായിട്ടുള്ള നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ജില്ലാ ആശുപത്രികളിൽ ഇപ്പോൾത്തന്നെ അതിനുള്ള സംവിധാനമുണ്ട്. അതിനുപുറമെ റീജിയണൽ ലബോറട്ടറീസും ഈ രക്ത പരിശോധന നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളുടെ നവീകരണം സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. മലയോര പ്രദേശമായ എന്റെ മണ്ഡലത്തിൽ പാവപ്പെട്ട ആളുകൾക്ക് ചികിൽസ ലഭിക്കണമെങ്കിൽ ആശുപത്രിയിൽ എത്തിച്ചേരുന്നതിന് പത്ത് നാല്പത്തിയഞ്ച് കിലോമീറ്റർ ദൂരം യാത്ര ചെയ്തെങ്കിലേ പറ്റുകയുള്ളൂ. എന്റെ നിയോജകമണ്ഡലം ആസ്ഥാനമായ കോന്നിയിൽ, കോന്നി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ആ പ്രൈമറി ഹെൽത്ത് സെൻറർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിട്ട് ഉയർത്തി, ഞങ്ങളുടെ മലയോര പ്രദേശങ്ങളിലെ ആദിവാസികൾ, പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പാവപ്പെട്ട ആളുകൾ എന്നിവർക്ക് ചികിൽസ ലഭിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി അതൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിട്ട് ഉയർത്താൻ വേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഏറെവർഷക്കാലമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തിയ ആശുപത്രിയിൽ ഇതുവരെ സംവിധാനങ്ങൾ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ പുതിയ ആശുപത്രികൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുന്നയവസരത്തിൽ ഇക്കാര്യം പരിശോധിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. എന്തായാലും ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കാം.

ശ്രീ. എം.വി. ജയരാജൻ : സർ, അങ്ങ് ഇവിടെ രണ്ടുമൂന്ന് പേർ ഇവിടെ ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞപ്പോഴാണ് വീണ്ടും സംശയം ഉയരുന്നത്. ധാരണാപത്രം ഗവൺമെന്റിന്റെ നയമല്ലെന്ന് പറഞ്ഞു, super speciality blocks in Government Medical College Hospital ധാരണാ പത്രത്തിലെ 25-ാം പേജിൽ "The private investor gets the prime land on a lease basis at a minimum cost care or at tocken price from the Government Medical College" എന്നുപറഞ്ഞിരിക്കുകയാണ്. അപ്പോൾ ഇത് ധാരണാപത്രം ഒപ്പിട്ട് കഴിഞ്ഞതാണ്. എന്റെ ചോദ്യം ഇതാണ്, പുതിയ നയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ധാരണാപത്രം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. പി. ശങ്കരൻ : ഞാൻ ഇത് വളരെ വ്യക്തമാക്കിയതാണ്. അത് ഞാൻ വളരെ വ്യക്തമായി പറയുകയും ചെയ്തു.

ശ്രീ. പി.പി. ജോർജ് : സർ, ഒരു മലയോര പ്രദേശമായ എന്റെ മണ്ഡലത്തിലെ പാണഞ്ചേരി പഞ്ചായത്തിൽ ഒന്നരക്കൊല്ലം മുമ്പ് അങ്ങ്തന്നെ ഉദ്ഘാടനം ചെയ്ത ഒരു ഹോസ്പിറ്റലിൽ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കാൻ അങ്ങ് തന്നെ മുൻകൈ എടുത്ത് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും പറഞ്ഞ് അത് അനുവദിച്ചു നൽകാൻ ദയവായി പരിശ്രമിക്കണം.

മി. സ്പീക്കർ : ചോദ്യമാണോ, നിവേദനമാണോ ? No question.

ശ്രീ. എം. കുമാരൻ : സർ, ഞാൻ ആരേയും കുറ്റപ്പെടുത്താൻ വേണ്ടി ചോദിക്കുന്നതല്ല. വേൾഡ് ബാങ്കിന്റേയും വേൾഡ് പോപ്പുലേഷൻ പ്രോജക്ടിന്റേയും ഫണ്ട് ഉപയോഗിച്ച് ഈ സംസ്ഥാനത്തെ മിക്ക ജില്ലകളിലും ഒരു ഡോക്ടറെ നിയമിക്കുന്ന പ്രോജക്ടുണ്ട്. ആ പദ്ധതി ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ഇന്നുവരെ ഒരു ഡോക്ടറേയും നിയമിച്ചിട്ടില്ല. ആ ഫണ്ട് ഉപയോഗിച്ച് എത്രയും പെട്ടെന്ന്, ഫണ്ട് ലാപ്സായിപ്പോകാതെ ഒരു ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സാധാരണ നമ്മുടെ ഹെൽത്ത് പ്രോഗ്രാംസിനും ആശുപത്രികൾക്കുമുള്ള സഹായങ്ങളും ഉൾപ്പെടെ എല്ലാം നമ്മൾ ആളോഹരി രൂപത്തിൽ ചില പ്രിൻസിപ്പിളിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കൊടുക്കുക. ആ പ്രിൻസിപ്പിളിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ചില സ്ട്രാറ്റജിക് പോയിന്റുകളിൽ നിൽക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും അതുപോലെ താലൂക്കാശുപത്രികളുമുണ്ട്. ഒരു ഉദാഹരണം പറയാം. എം.സി. റോഡ് സാധാരണ ആക്സിഡന്റുകൾ ഉണ്ടാകാറുള്ള ഒരു സ്ഥലമാണ്. മദ്ധ്യ തിരുവിതാംകൂർ കേന്ദ്രീകരിച്ച് അങ്ങനെ ഒരു ആക്സിഡന്റുണ്ടായാൽ രണ്ട് മണിക്കൂർ യാത്ര ചെയ്താലേ മെഡിക്കൽ കോളേജിൽ എത്താൻ കഴിയുകയുള്ളൂ. അങ്ങനെയുള്ള സ്ഥലങ്ങളിലെ താലൂക്കാശുപത്രികളെ സ്ട്രെങ്തൺ ചെയ്യാനുള്ള ഒരു പദ്ധതിയെക്കുറിച്ച്, ആലോചിക്കുമോ ; ഞാൻ ഇത് സംബന്ധിച്ച് അങ്ങയുടെ അടുത്ത് നേരത്തെ പറഞ്ഞിരുന്നു. അടൂർ താലൂക്കാശുപത്രിയെ അങ്ങനെ ഒരു ആശുപത്രിയായി ഉയർത്തി, സ്ട്രാറ്റജിക് പോയിന്റിൽ ഇരിക്കുന്നു എന്നുള്ള കാരണംകൊണ്ടുതന്നെ അതിന് ഗവൺമെന്റ് പരമാവധി സഹായം നൽകുമോ ?

ശ്രീ. പി. ശങ്കരൻ : സർ, നാഷണൽ ഹൈവേയിൽ സ്ട്രാറ്റജിക് പോയിന്റിലുള്ള ഇത്തരം ആശുപത്രികളിൽ ട്രോമാ കെയർ സെന്റർ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. വി.കെ.സി. മമ്മത്കോയ : സർ, ആശുപത്രികളുടെ നവീകരണത്തിന് ലോകബാങ്കിന്റെ സഹായം കിട്ടുമെന്ന സാഹചര്യത്തിൽ, കോഴിക്കോട് മെഡിക്കൽ കോളേജിലെ ലബോറട്ടറി സഹകാര്യ വ്യക്തികൾക്ക് കൊടുക്കാനുള്ള നടപടി നിർത്തിവച്ച് നേരിട്ട് ഗവൺമെന്റ് തന്നെ നടത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : ചോദ്യം വ്യക്തമല്ല.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, നമ്മുടെ സംസ്ഥാനത്തെ ആശുപത്രികൾ നവീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആരോഗ്യ വകുപ്പ് നന്നായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനകത്ത് ഏറ്റവും എഫക്ടീവായ, സാധാരണക്കാരന് ആശ്രയിക്കാവുന്ന ഒരു വിഭാഗമാണ് ഹോമിയോ വിഭാഗം. ഹോമിയോ ഡിപ്പാർട്ടുമെന്റിന്റെ ജില്ലാ ആശുപത്രികൾക്കുപോലും സ്വന്തം കെട്ടിടമില്ലാത്ത വളരെയേറെ ശോചനീയമായ അവസ്ഥയിലാണ്. ഹോമിയോ ആശുപത്രികൾ നവീകരിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സർ, അക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, മിക്കവാറും ആശുപത്രികളിൽ മരുന്നിനുപകരം മാലിന്യമാണ് അടിഞ്ഞുകൂടുന്നത്. മിക്കവാറും ഒരസുഖവുമായി ആശുപത്രിയിൽ പോകുന്നവർ മറ്റൊരസുഖവുമായാണ് തിരിച്ചുവരുന്നതെന്ന വ്യാപകമായ പരാതി ഉയർന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ മാലിന്യം നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ? ഞാനിത് സംബന്ധിച്ച് ഒരുപാട് സബ്മിഷൻസ് ഉന്നയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല.

ശ്രീ. പി. ശങ്കരൻ : സർ, മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തുവരികയാണ്.

ശ്രീ. എം. എ. വാഹീദ് : സർ, ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ട്, ഇപ്പോൾ വളരെയേറെ സൗകര്യങ്ങളുള്ള ഓപ്പറേഷൻ തീയേറ്ററും, വാർഡും, ഡോക്ടർമാർക്കും സ്റ്റാഫിനും താമസിക്കാൻ ക്വാർട്ടേഴ്സുമുള്ള ഒരുപാട് ഹെൽത്ത് സെന്ററുകളുണ്ട്. ആ ഹെൽത്ത് സെന്ററുകളിൽ ഇൻപേഷ്യന്റ് വിഭാഗംകൂടി ഉൾപ്പെടുത്തി സജ്ജീകരിച്ചാൽ മറ്റുള്ള ആശുപത്രികളിലേയ്ക്കുള്ള തള്ളൽ അവസാനിപ്പിക്കാൻ കഴിയും. ഇതിനെക്കുറിച്ച് പുനർചിന്തനം ചെയ്യാൻ സർക്കാർ തയ്യാറാണോ ?

ശ്രീ. പി. ശങ്കരൻ : ഇത് പെട്ടെന്ന് മറുപടി പറയാവുന്ന വിഷയമല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഗവൺമെന്റാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം ഡോക്ടർമാരുടെ സാന്നിദ്ധ്യമാണ്. പല പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരില്ല എന്നുള്ള കാര്യം ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതുമാണ്. പക്ഷേ, ഉള്ള ഡോക്ടർമാർപോലും ഹെൽത്ത് സെന്ററിനോടൊപ്പമുള്ള ക്വാർട്ടേഴ്സുകളിൽ താമസിക്കാൻ തയ്യാറാകാത്തതിന്റെ ഫലമായിപല ഐ. പി. ബ്ലോക്കുകളുടെയും പ്രവർത്തനം നിലച്ചതായിട്ട് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടിയന്തരമായി ഡോക്ടർമാരെ അത്തരം ക്വാർട്ടേഴ്സുകളിൽ താമസിക്കുവാൻ നിർബന്ധിക്കുന്നതിനും ഐ.പി. ബ്ലോക്കുകൾ പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്വാർട്ടേഴ്സുകളിൽ താമസിക്കാൻ തയ്യാറല്ലാത്തവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, ആരോഗ്യമേഖലയെ നവീകരിക്കുന്നതിനുവേണ്ടി വേൾഡ് ബാങ്കിന്റേതുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി. കേരളത്തിൽ ഭ്രാന്താശുപത്രികൾ എന്ന് വിളിക്കുന്ന ഒരു സെക്ഷനുണ്ട്. മാനസികരോഗം

വ്യാപകമായി പടരുന്നതായിട്ടാണ് പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. ഇത്തരംആശുപത്രികളെആധുനികവൽക്കരിക്കുന്നതിനും വേൾഡ് ബാങ്കിന്റെ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി അവ നവീകരിക്കുന്നതിനും വേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഭ്രാന്താശുപത്രി എന്ന് പറയുന്നതിനുപകരം മാനസികാരോഗ്യകേന്ദ്രം എന്നാണ് അവയെക്കുറിച്ച് നമ്മൾ ഇപ്പോൾ പറയുന്നത്. ഇത് നവീകരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മൂന്ന് മെന്റൽ ഹോസ്പിറ്റലുകളും നവീകരിക്കുന്നതിനുള്ള പദ്ധതി തുടങ്ങി ക്കഴിഞ്ഞു.

ശ്രീ. കെ.പി. മോഹനൻ : സർ, സി.എച്ച്.സി.കൾ, പി.എച്ച്.സി.കൾ ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും മറ്റും ഭാഗമായി മണ്ഡലത്തിലെ സി.എച്ച്.സി.കൾ, പി.എച്ച്.സി.കൾ ഇവയ്ക്കാവശ്യമായ ഉപകരണങ്ങളുടേയും അതുപോലെ മറ്റു സൗകര്യങ്ങളുടേയും ലിസ്റ്റ് തരണമെന്ന് പറഞ്ഞുകൊണ്ട് അങ്ങുതന്നെ ഞങ്ങൾക്ക് കത്തെഴുതി അയച്ചിരുന്നു. അതിന്റെ ഭാഗമായി 5 മാസങ്ങൾക്കുമുമ്പേ ആ ലിസ്റ്റ് കൊടുക്കുകയും ചെയ്തു. ഇതുവരെ ഒരു പരിഗണനയും ഇതിനുണ്ടായിട്ടില്ല. ഇത് എന്ന് നടപ്പിലാക്കുമെന്നും, അതിനുവേണ്ട ഉപകരണങ്ങൾ എന്ന് തരുമെന്നും വ്യക്തമാക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, നബാർഡിന്റെ പദ്ധതിയിൽപ്പെടുത്താനാണ് എം.എൽ.എ.-മാരോട് ലിസ്റ്റ് തരണമെന്ന് ആവശ്യപ്പെട്ടത്. അതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. വർക്കല കഹാർ : സർ, ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന് ആദ്യമായി ചെയ്യേണ്ടത് ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും സേവനം മെച്ചപ്പെടുത്തുകയാണ്. ഇതിന്റെ ഭാഗമായിട്ട് ഡോക്ടർമാർക്ക് ഓറിയന്റേഷൻ കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ ?

ശ്രീ. പി. ശങ്കരൻ : സർ, സംസ്ഥാനത്ത് അതാത് സമയത്ത് ഇത്തരം ഓറിയന്റേഷൻ കോഴ്സുകൾ നടന്നു വരുന്നുണ്ട്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ഫസ്റ്റ് റഫറൽ യൂണിറ്റായി പ്രഖ്യാപിച്ചിട്ടുള്ള ആശുപത്രികളിൽ, രാഷ്ട്രീയ സംഘട്ടനങ്ങളുടേയും കൊലപാതകങ്ങളുടേയും നാടായ കടയ്ക്കലിലെ ആശുപത്രിയെ ഫസ്റ്റ് റഫറൽ യൂണിറ്റെന്ന നിലയിൽ അതിന്റെ പ്രവർത്തനങ്ങളെ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly